(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലത്തെന്നും എത്ര കാലമായി ഇത് തുടരുന്നു എന്നും അറിയിക്കുമോ;

(സി) ഇവർ ഏതെങ്കിലും തരത്തിലുള്ള നികുതി ഒടുക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ഡി) ഈ കയ്യേറ്റം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് എത്ര ഹെക്ടർ സ്ഥലത്ത് കയ്യേറ്റമുണ്ടെന്നും ആയതിന്റെ കാലപ്പഴക്കവും അറിയാൻ സംയുക്ത പരിശോധന നടക്കുകയാണ്.

(സി) 1970-71 മുതൽ പ്രസ്തുത കയ്യേറ്റക്കാരിൽ പലരും തോട്ടനികുതിയും ഭൂനികുതിയും അടച്ചു വന്നിരുന്നു. എന്നാൽ, പിന്നീട്, കൈവശക്കാരെ തോട്ട നികുതിയിൽ നിന്നും ഒഴിവാക്കിയതിനു ശേഷം ആരും നികുതിയൊന്നും തന്നെ ഒടുക്കിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നെടുമങ്ങാട് വില്ലേജിലെ പൊതുവഴി കയ്യേറ്റം

27 [1319] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ സർവ്വെ നമ്പർ 935/1 പ്രകാരമുള്ള വസ്തുവിന്റെ വിസ്തൃതി എത്രയാണ്;

(ബി) ഇത് പൊതുവഴിയാണോ; സ്വകാര്യ ഭൂമിയാണോ; സർക്കാർ പുറം പോക്കാണോ എന്ന് അറിയിക്കാമോ;

(സി) ഈ വസ്തു സമീപവാസി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് ഒഴിപ്പിച്ച് പൊതുവഴിയായി നിലനിർത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് സംബന്ധിച്ച് ആർ. ഡി. ഒ.-യ്ക്ക് പൊതുജനങ്ങൾ നൽകിയിട്ടുള്ള പരാതിയിൻമേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ എന്നാണ് തീർപ്പായത് എന്ന് അറിയിക്കാമോ;

(ജി) ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(എച്ച്) ഇക്കാര്യത്തിൽ നാളിതുവരെ റവന്യൂ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഐ) ഇവിടെ കയ്യേറ്റം ഒഴിപ്പിച്ച് പൊതുവഴി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് സെന്റ്.

(ബി) സർക്കാർ പുറംപോക്ക്.

(സി) ഉണ്ട്.

(ഡി) അതിർത്തി പുനർനിർണ്ണയിക്കുന്നതിന് താലൂക്ക് സർവേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) അതിർത്തി പുനർനിർണ്ണയിക്കുന്നതിന് താലൂക്ക് സർവേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) നടപടി സ്വീകരിച്ചുവരുന്നു.

ഡോ. താരയുടെ നിയമനം സംബന്ധിച്ച പരിശോധന നടത്താൻ നടപടി

28 [1322] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് മാനേജ്മെന്റിനോട് അനുബന്ധിച്ചുള്ള നാചറൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫാക്കൽറ്റിയുടെ പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റി തസ്തികയിൽ ഡോകടർ താര എന്നയാൾ ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ശൂന്യവേതന അവധിയെടുത്ത് ജോയിന്റ് ചെയ്തത് കെ. എസ്. ആർ.-ലെ വ്യവസ്ഥ പ്രകാരം ക്രമാനുസൃതമല്ലെന്ന് 14-7-2003-ലെ 2792-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ സമ്മതിക്കുകയും അത് പരിശോധിക്കാം എന്ന് ഉറപ്പ് നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly